"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

നികുതി വകുപ്പ് - രജിസ്ട്രേഷൻ - രജിസ്ട്രേഷൻ ഇതര ആവശ്യങ്ങൾക്കായുള്ള ഇ-സ്റ്റാമ്പ് (Non Judicial) ഇ-സ്റ്റാമ്പ് പോർട്ടൽ വഴി ജനറേറ്റ് ചെയ്ത് വിതരണം നടത്തുന്നതിനുള്ള ലോഗിൻ അനുമതി ex-officio സ്റ്റാമ്പ് വെണ്ടർ എന്ന നിലയിൽ ട്രഷറികളിലെ ട്രഷറർമാർക്ക് നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നികുതി (ജെ) വകുപ്പ്

സ.ഉ.(സാധാ) നം.1102/2025/TAXES തീയതി,തിരുവനന്തപുരം, 19-12-2025

---

പരാമർശം:-
1) സ.ഉ(അച്ചടി)നം.23/20217/റ്റി.ഡി തീയതി 07.04.2017
2) സ.ഉ(കൈ) നം.10/2023/ടാക്സസ് തീയതി 09.02.2023
3) സ.ഉ(അച്ചടി)നം. 889/2024/ഫിൻ തീയതി 31.01.2024
4) ട്രഷറി ഡയറക്ടറുടെ 10.04.2025 തീയതിയിലെ TRY/10579/F1 നമ്പർ കത്ത്
5) രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 18.06.2025 തീയതിയിലെ IGR-1221/2020-IT1 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്ത് ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള രജിസ്ട്രേഷൻ ആവശ്യങ്ങൾക്കുള്ള എല്ലാ നോൺ ജുഡീഷ്യൽ മുദ്രപ്പത്രങ്ങൾക്കും ഇ-സ്റ്റാമ്പിങ് നടപ്പിൽ വരുത്തി പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇവ നേരിട്ട് രജിസ്ട്രേഷൻ വകുപ്പിന്റെ PEARL സോഫ്റ്റ്വെയർ മുഖാന്തരമാണ് ജനറേറ്റ് ചെയ്തെടുക്കുന്നത്.

2) ഒരു ലക്ഷം രൂപ വരെയുള്ള രജിസ്ട്രേഷൻ/രജിസ്ട്രേഷൻ ഇതര ആവശ്യങ്ങൾക്കുള്ള എല്ലാ ഡിനോമിനേഷനുകളിലുമുള്ള നോൺ ജുഡീഷ്യൽ മുദ്രപ്പത്രങ്ങൾക്കും 01/04/2023 മുതൽ ഇ-സ്റ്റാമ്പിങ് നടപ്പിൽ വരുത്തി പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പരാമർശം (3) പ്രകാരം ഇ - സ്റ്റാമ്പ് ജനറേറ്റ് ചെയ്യുന്നതിനായി ഇ-സ്റ്റാമ്പിങ് പോർട്ടൽ ഉപയോഗിക്കുന്നതിനുള്ള

പ്രവർത്തനാനുമതി നൽകിയും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

3) സംസ്ഥാനത്ത് ഇ - സ്റ്റാമ്പിങ് നടപ്പിൽ വരുന്നതിന് മുമ്പ് 1960 -ലെ കേരള മുദ്രപ്പത്ര നിർമ്മാണവും വിൽപ്പനയും ചട്ടം 36 പ്രകാരം ഒരു ലക്ഷം രൂപക്ക് മുകളിലുള്ള രജിസ്ട്രേഷൻ ഇതര ആവശ്യങ്ങൾക്കുള്ള മുദ്രപ്പത്രങ്ങൾ ട്രഷറികളിലെ ex-officio സ്റ്റാമ്പ് വെണ്ടറായ ട്രഷറർമാർ ആയിരുന്നു വിതരണം നടത്തിയിരുന്നതെന്നും എന്നാൽ ഇ-സ്റ്റാമ്പിങ് നിലവിൽ വന്നതിനുശേഷം ഇ-സ്റ്റാമ്പ് പോർട്ടൽ വഴി ഇ-സ്റ്റാമ്പ് തയ്യാറാക്കി വിതരണം നടത്തുന്നതിന് നിലവിൽ https://www.estamp.treasury.kerala.gov.in പോർട്ടലിൽ ex-officio വെണ്ടർമാർക്ക് ലോഗിൻ ലഭ്യമാക്കിയിട്ടില്ല എന്നും ആയത് കോടതി വ്യവഹാരങ്ങളെയും സർക്കാർ സേവനങ്ങൾ സമയബന്ധിതമായി പൊതുജനങ്ങളിൽ എത്തിക്കുന്നതിനെയും സാരമായി ബാധിക്കുന്നതായും കൂടാതെ ഇത്തരത്തിലുള്ള സ്റ്റാമ്പ് വിതരണത്തിന് വെണ്ടർമാർക്ക് കമ്മീഷൻ ഇനത്തിലും തുക നൽകേണ്ടി വരുന്നത് സർക്കാരിന് അധിക ചെലവ് ഉണ്ടാക്കുന്നതായും ആയതിനാൽ ട്രഷറികളിലെ ട്രഷറർമാർക്ക് ex-officio സ്റ്റാമ്പ് വെണ്ടർ എന്ന നിലയിൽ രജിസ്ട്രേഷൻ ഇതര ആവശ്യങ്ങൾക്കായുള്ള മുദ്രപ്പത്രങ്ങൾ (Non-Judicial) ഇ-സ്റ്റാമ്പ് പോർട്ടൽ വഴി ജനറേറ്റ് ചെയ്ത് വിതരണം നടത്തുന്നതിനുള്ള ലോഗിൻ അനുമതി ലഭ്യമാക്കണമെന്നും പരാമർശം (4) പ്രകാരം ട്രഷറി ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

4) നിലവിൽ ആധാരത്തിന്റെ രജിസ്ട്രേഷന് ആവശ്യമായ എല്ലാ ഡിനോമിനേഷനുകളിലുള്ള മുദ്രപത്രങ്ങളും രജിസ്ട്രേഷൻ വകുപ്പിന്റെ PEARL സോഫ്റ്റ്‌വെയർ മുഖേന ഇ-സ്റ്റാമ്പിംഗ് പോർട്ടൽ വഴിയാണ് ലഭ്യമാക്കുന്നതെന്നും എന്നാൽ രജിസ്ട്രേഷൻ ഇതര ആവശ്യങ്ങൾക്കുള്ള ഒരു ലക്ഷം രൂപ വരെയുള്ള ഇ-സ്റ്റാമ്പ് മാത്രമാണ് അംഗീകൃത വെണ്ടർമാർ മുഖേന ഇ-സ്റ്റാമ്പിംഗ് പോർട്ടൽ വഴി പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതെന്നും ടി സാഹചര്യത്തിൽ രജിസ്ട്രേഷൻ ഇതര ആവശ്യങ്ങൾക്കുള്ളതും ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ളതുമായ മുദ്രപ്പത്രങ്ങൾക്ക് ഇ-സ്റ്റാമ്പ് ജനറേറ്റ് ചെയ്യാൻ നിലവിൽ മാർഗ്ഗമൊന്നുമില്ല എന്നും മേൽ സാഹചര്യത്തിൽ ട്രഷറികളിലെ ട്രഷറർമാർക്ക് ex-officio സ്റ്റാമ്പ് വെണ്ടർ എന്ന നിലയിൽ രജിസ്ട്രേഷൻ ഇതര ആവശ്യങ്ങൾക്കായുള്ള എല്ലാ ഡിനോമിനേഷനിലുമുള്ള ഇ-സ്റ്റാമ്പ് (Non Judicial) ഇ-സ്റ്റാമ്പ് പോർട്ടൽ വഴി ജനറേറ്റ്

ചെയ്ത് വിതരണം നടത്തുന്നതിനുള്ള ലോഗിൻ അനുമതി നൽകാവുന്നതാണെന്നും പരാമർശം (5) പ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ട്രഷറികളിലെ ട്രഷറർമാർക്ക് ex-officio സ്റ്റാമ്പ് വെണ്ടർ എന്ന നിലയിൽ രജിസ്ട്രേഷൻ ഇതര ആവശ്യങ്ങൾക്കായുള്ള എല്ലാ ഡിനോമിനേഷനിലുമുള്ള ഇ-സ്റ്റാമ്പ് (Non Judicial) ഇ-സ്റ്റാമ്പ് പോർട്ടൽ വഴി ജനറേറ്റ് ചെയ്ത് വിതരണം നടത്തുന്നതിനുള്ള ലോഗിൻ അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
അഡിഷണൽ സെക്രട്ടറി

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

സ്റ്റേറ്റ് ഇൻഫർമാറ്റിക്സ് ഓഫീസർ, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ, കേരള സ്റ്റേറ്റ് ഓഫീസ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sabu Thomas T
Date: 19-12-2025 16:10:04
സെക്ഷൻ ഓഫീസർ